REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-10-2023 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഹാങ്ജോ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ 100 മെഡൽ എന്ന ലക്ഷ്യത്തിന് തൊട്ടരികിൽ. ഇതുവരെ 22 സ്വർണമടക്കം ഇന്ത്യ 95 മെഡലുകൾ സ്വന്തമാക്കി.**
- **52-മത് GST കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.**
- **ഇന്റർനെറ്റിലെ ക്രിമിനൽ ഉള്ളടക്കത്തോട് സഹിഷ്ണുത പുലർത്തില്ലെന്ന് കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖർ.**
- **വന്യജീവി വാരാഘോഷങ്ങളുടെ സംസ്ഥാനതല സമാപന സമ്മേളനം നാളെ വൈകിട്ട് മന്ത്രി A.K ശശീന്ദ്രൻ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് നാളെയും മറ്റന്നാളും ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.**

## വാർത്തകൾ വിശദമായി

ഹാങ്ജോ ഏഷ്യൻ ഗെയിംസ് നാളെ സമാപിക്കാനിരിക്കെ ഇന്ത്യ 100 മെഡൽ എന്ന ലക്ഷ്യത്തിന് തൊട്ടരികിലെത്തി. 22 സ്വർണവും 34 വെള്ളിയും 39 വെങ്കലവുമടക്കം 95 മെഡലുകളുമായി ഇന്ത്യ മുന്നേറുകയാണ്.

പുരുഷ ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും.

ഡെസ്ക് റിപ്പോർട്ട്.

..........(വോയ്സ്) .........

ഹോക്കി, അമ്പെയ്ത്ത്, റെസ്ലിങ് ഉൾപ്പെടെ ഇനങ്ങളിലായി ഒരു സ്വർണവും രണ്ട് വെള്ളിയും ആറ് വെങ്കലവുമാണ് ഗെയിംസിന്റെ പതിമൂന്നാം ദിനമായ ഇന്നലെ ഇന്ത്യ സ്വന്തമാക്കിയത്. ജപ്പാനെ 5-1 ന് തോൽപ്പിച്ചായിരുന്നു ഹോക്കിടീമിന്റെ വിജയം. ബ്രിഡ്ജ് ഫൈനലിൽ ഹോങ് കോങിനെ നേരിട്ട ഇന്ത്യയ്ക്ക് വെള്ളി ലഭിച്ചു. അമ്പെയ്ത്തിൽ പുരുഷ ടീം വെള്ളിയും വനിതാ ടീം വെങ്കലവും നേടി. റെസ്ലിങിൽ മൂന്ന് വെങ്കലമാണ് ഇന്ത്യ നേടിയത്. വനിതകളുടെ സെപക് തക്രോയിലും ഇന്ത്യ വെങ്കലം നേടി.

ബാഡ്മിന്റൺ സിംഗിൾസ് സെമിയിൽ ചൈനയെ നേരിട്ട എച്ച് എസ് പ്രണോയ് വെങ്കലം കരസ്ഥമാക്കി. ഡബിൾസിൽ ചിരാഗ് ഷെട്ടി - റെങ്കിറെഡ്ഡി സഖ്യം ഫൈനലിൽ കടന്നു.

കബഡിയിൽ പാക്കിസ്ഥാനെ തകർത്ത ഇന്ത്യൻ പുരുഷ ടീമും ഫൈനലിൽ കടന്നു. വനിതാ കബഡി ഫൈനലിൽ ഇന്ത്യൻ ടീം ഇന്ന് ചൈനീസ് തായ്പേയിയെ നേരിടും.

മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയ കായികതാരങ്ങളെ അഭിനന്ദിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

✪✪✪

52-മത് GST കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. വിജ്ഞാൻഭവനിൽ ചേരുന്ന യോഗത്തിൽ ധനമന്ത്രി നിർമ്മലാ സീതാരാമൻ അധ്യക്ഷയായിരിക്കും. യോഗത്തിന് പ്രത്യേക അജണ്ട നൽകിയിട്ടില്ല.

✪✪✪

ബാങ്കുകളിൽ നിന്ന് 2000 രൂപാ നോട്ട് മാറ്റിയെടുക്കുന്നതിന് സമയപരിധി ഇന്ന് അവസാനിക്കും. അക്കൗണ്ടില്ലാത്ത ബാങ്കുകളിൽ ഉൾപ്പെടെ ഒരേ സമയം പരമാവധി പത്ത് നോട്ടുകൾ മാറ്റാം. നാളെ മുതൽ തിരുവനന്തപുരമടക്കം റിസർവ്വ് ബാങ്കിന്റെ 19 ഇഷ്യൂ ഓഫീസുകളിലൂടെ മാത്രമെ നോട്ട് മാറ്റിയെടുക്കാൻ സാധിക്കൂ.

✪✪✪

ഇന്റർനെറ്റിലെ ക്രിമിനൽ ഉള്ളടക്കത്തോട് സഹിഷ്ണുത പുലർത്തില്ലെന്ന് കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖർ ഡൽഹിയിൽ അറിയിച്ചു. കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന ഉള്ളടക്കങ്ങൾ ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകളിൽ നിന്ന് അടിയന്തരമായി നീക്കം ചെയ്യണമെന്ന് X, യു ട്യൂബ് തുടങ്ങിയവയ്ക്ക് കേന്ദ്ര IT മന്ത്രാലയം നോട്ടീസ് നൽകി. മറ്റു സാമൂഹ്യ മാധ്യമങ്ങൾക്കും ഇത് ബാധകമാണ്.

✪✪✪

അമൃത് കാലത്തെ മാറ്റങ്ങൾക്ക് നേതൃത്വം നൽകാൻ യുവതയോട് കേന്ദ്രമന്ത്രി അനുരാഗ് സിങ് താക്കൂർ ആഹ്വാനം ചെയ്തു. ഭോപ്പാലിൽ സ്വകാര്യ സർവകലാശാലയിൽ വിദ്യാർഥികളുമായി സംവദിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

ചന്ദ്രയാൻ വിജയം, ഏഷ്യൻ ഗെയിംസിലെ മികച്ച നേട്ടം, സാമ്പത്തികരംഗത്തെ വളർച്ച തുടങ്ങിയവ രാജ്യം വികസനപാതയിലാണെന്ന് വ്യക്തമാക്കുന്നതായി അനുരാഗ് സിംഗ് ഠാക്കൂർ പറഞ്ഞു.

✪✪✪

വന്യജീവി വാരാഘോഷങ്ങളുടെ സംസ്ഥാനതല സമാപന സമ്മേളനം നാളെ വൈകിട്ട് മന്ത്രി A.K ശശീന്ദ്രൻ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും. ജൂബിലി ഹാളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ കേരളത്തിലെ ആദ്യ ടൈഗർ സഫാരി പാർക്കിന്റെയും, മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പദ്ധതിയുടെയും പ്രഖ്യാപനം നടത്തും. മന്ത്രി അഹമ്മദ് ദേവർകോവിൽ ചടങ്ങിൽ അധ്യക്ഷനായിരിക്കും.

വന്യജീവിവാരാഘോഷ സംസ്ഥാനതല മത്സരങ്ങളിലെ ജേതാക്കൾക്ക് മന്ത്രി PA മുഹമ്മദ് റിയാസ് സമ്മാനങ്ങൾ വിതരണം ചെയ്യും.

കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ് സംസ്ഥാനത്തെ മികച്ച സ്നേക്ക് റെസ്ക്യൂവർ-ക്ക് സമ്മാനം കൈമാറും. MK രാഘവൻ MPചടങ്ങിൽ മുഖ്യാതിഥിയാവും.

✪✪✪

ഇടുക്കി ചെറുതോണി പാലവും മൂന്നാർ - ബോഡിമെട്ട് റോഡും അടുത്ത വ്യാഴാഴ്ച കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും മുഖ്യമന്ത്രി പിണറായി വിജയനും ചേർന്ന് ഉദ്ഘാടനം ചെയ്യുമെന്ന് ഡീൻ കുര്യാക്കോസ് MP അറിയിച്ചു. കേന്ദ്ര സഹമന്ത്രിമാരായ ഡോ. V K സിംഗ്, V മുരളീധരൻ, മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, റോഷി അഗസ്റ്റിൻ എന്നിവരും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

മൻ കി ബാത്ത് പ്രശ്നോത്തരി മത്സര വിജയികൾക്ക് ഇന്ന് കേന്ദ്രസഹമന്ത്രി V മുരളീധരൻ തിരുവനന്തപുരത്ത് സമ്മാനങ്ങൾ വിതരണം ചെയ്യും. തോന്നയ്ക്കൽ AJ കോളജ് ഫോർ സയൻസ് ആന്റ് ടെക്നോളജിയിലാണ് ചടങ്ങ് സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് നാളെയും മറ്റന്നാളും ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. നാളെ വയനാട്, കണ്ണൂർ,കാസർഗോഡ് ജില്ലകളിലും മറ്റന്നാൾ മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാന വ്യാപകമായി അധ്യാപകരുടെ ക്ലസ്റ്റർ സംഗമം ഇന്ന് നടത്തും. ജില്ലാതലത്തിൽ വിവിധ കേന്ദ്രങ്ങളിലാണ് അധ്യാപകർക്ക് പരിശീലനം നൽകുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........(വോയ്സ്)..........

വിദ്യാഭ്യാസ മേഖലയിലെ ദേശീയതല അച്ചീവ്മെന്റ് സർവ്വേ, സംസ്ഥാന എഡ്യൂക്കേഷണൽ അച്ചീവ്മെന്റ് സർവ്വേ എന്നിവയുടെ ചോദ്യമാതൃകകൾ അധ്യാപകർക്ക് പരിചയപ്പെടുത്താനാണ് പരിശീലനം ഒരുക്കിയിരിക്കുന്നത്. സംസ്ഥാന, ജില്ലാതല പരിശീലനം നേടിയ അധ്യാപകരാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്. ഒന്നാം പാദവാർഷിക മൂല്യനിർണയ ഫലങ്ങൾ വിശകലനം ചെയ്ത് പരിമിതികൾ മനസ്സിലാക്കി പരിഹരിക്കാനും, ഒക്ടോബർ, നവംബർ മാസങ്ങളിൽ പരിഗണിക്കേണ്ട യൂണിറ്റുകളുടെ ആസൂത്രണം നടത്താനും ക്ലസ്റ്റർ സംഗമം ലക്ഷ്യമിടുന്നു.

LP വിഭാഗത്തിന് ക്ലാസ്സടിസ്ഥാനത്തിലും UP., ഹൈസ്കൂൾ വിഭാഗങ്ങൾക്ക് വിഷയാടിസ്ഥാനത്തിലുമാണ് പരിശീലനം. നിരീക്ഷണത്തിനായി BRC - ജില്ലാതല കമ്മിറ്റികളും രൂപീകരിച്ചു. ക്ലസ്റ്റർ സംഗമത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾക്ക് ഇന്ന് അവധിയായിരിക്കും.

കോഴിക്കോട് ജില്ലയിൽ 1,400 സ്കൂളുകളിൽ നിന്നായി 21,000 അധ്യാപകർ പരിശീലനത്തിൽ പങ്കെടുക്കും. 15 BRC കളിലായി നടത്തുന്ന പരിശീലനത്തിന് എല്ലാ സൗകര്യങ്ങളും പൂർത്തിയായതായി സർവശിക്ഷാ കേരളം ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്റർ അറിയിച്ചു.

✪✪✪

ICC ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ പാകിസ്ഥാൻ നെതർലന്റ്സിനെ 81 റൺസിന് തോൽപ്പിച്ചു. ഹൈദരാബാദിൽ 287 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ നെതർലന്റ്സിനെ 41 ഓവറിൽ 205 റൺസിന് അവർ പുറത്താക്കി.

ഇന്ന് രാവിലെ ധർമ്മശാലയിൽ ബംഗ്ലാദേശ് അഫ്ഗാനിസ്ഥാനെയും, ഉച്ചകഴിഞ്ഞ് ഡൽഹി അരുൺജെയ്റ്റ്ലി സ്റ്റേഡിയത്തിൽ സൗത്ത് ആഫ്രിക്ക ശ്രീലങ്കയെയും നേരിടും.

നാളെ ഉച്ചയ്ക്ക് രണ്ടിന് ഇന്ത്യ ഓസ്ട്രേലിയയെ നേരിടും. ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കോട്ടയം താഴത്തങ്ങാടി ചാമ്പ്യൻസ് ബോട്ട് ലീഗ് ഉച്ചകഴിഞ്ഞ് മന്ത്രി V.N വാസവൻ ഉദ്ഘാടനം ചെയ്യും. മത്സരത്തിന് മുന്നോടിയായി ജലഘോഷയാത്രയും മത്സരവള്ളംകളി വിളംബരവും സംഘടിപ്പിച്ചിട്ടുണ്ട്. ഒൻപത് ചുണ്ടൻവള്ളങ്ങൾ മത്സരവള്ളംകളിയിൽ പങ്കെടുക്കും. ഒന്നാം സ്ഥാനക്കാർക്ക് അഞ്ചു ലക്ഷം രൂപയും

രണ്ടാം സ്ഥാനക്കാർക്ക് മൂന്ന് ലക്ഷം രൂപയും മൂന്നാം സ്ഥാനക്കാർക്ക് ഒരു ലക്ഷം രൂപയുമാണ് സമ്മാനം. പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്ക് നാലു ലക്ഷം രൂപ വീതം ബോണസും ലഭിക്കും.

ചടങ്ങിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ അനുസ്മരിച്ച് അനുശോചന പ്രമേയം അവതരിപ്പിക്കും. വൈകിട്ട് ജില്ലാ പൊലീസ് മേധാവി K. കാർത്തിക് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

ISL ഫുട്ബോളിൽ ഇന്നലെ പഞ്ചാബ്-നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം സമനിലയിൽ പിരിഞ്ഞു. ഇരുടീമുകളും ഓരോ ഗോൾ വീതം നേടി.

ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ചരയ്ക്ക് ഗോവ ഒഡീഷയെയും രാത്രി എട്ടിന് ചെന്നൈയിൻ FC മോഹൻ ബഗാനെയും നേരിടും.

✪✪✪

കോട്ടയം ജില്ലാ സ്കൂൾ കായികമേള ഇന്ന് പാലായിൽ ആരംഭിക്കും. നഗരസഭാ സ്റ്റേഡിയത്തിലെ കായികമേളയിൽ 13 ഉപജില്ലകളിൽനിന്ന് 3,600 ഓളം കൗമാര കായികതാരങ്ങൾ പങ്കെടുക്കും. 98 ഇനങ്ങളിലാണ് മത്സരം.

✪✪✪

ഏഷ്യൻ ഗെയിംസ് മെഡൽ ജേതാക്കൾക്ക് തിരുവനന്തപുരം ലക്ഷ്മിഭായ് നാഷണൽ കോളജ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷനിൽ ഇന്ന് ഊഷ്മളമായ സ്വീകരണം നൽകും. ഇന്നലെ, ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത് മടങ്ങിയെത്തിയ ആദ്യ കേരള സംഘത്തിന് വിമാനത്താവളത്തിൽ വരവേൽപ് ഒരുക്കിയിരുന്നു. രണ്ടാം സംഘം ഇന്ന് തിരുവനന്തപുരത്തെത്തും.

✪✪✪

ജനങ്ങൾക്കും ഭരണ സംവിധാനത്തിനുമിടയിലെ അകലം കുറയ്ക്കാനും ഗവൺമെന്റ് ഓഫീസുകൾ കൂടുതൽ ജന സൗഹൃദമാക്കാനുമാണ് നവകേരള സദസ്സിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. നവകേരള സദസിനു മുന്നോടിയായി മാവേലിക്കരയിൽ മണ്ഡലതല സ്വാഗത സംഘം രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഡിസംബർ 16 നാണ് നവകേരള സദസ്സ്.

✪✪✪

മലപ്പുറം ജില്ലയിലെ സമ്പൂർണ കുടിവെള്ള വിതരണ പദ്ധതിക്ക് 5,520 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. മഞ്ചേരിയിൽ വാട്ടർ അതോറിറ്റിയുടെ PH സെക്ഷൻ ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

KSRTC യുടെ സേവനം, ഗ്രാമവണ്ടി പദ്ധതിയിലൂടെ എല്ലാവർക്കും ലഭ്യമാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി ആന്റണി രാജു കാസർകോട്ട് പറഞ്ഞു. കുമ്പള ഗ്രാമപഞ്ചായത്തും KSRTC യും സംയുക്തമായി ആരംഭിക്കുന്ന 'ഗ്രാമവണ്ടി' പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തദ്ദേശ സ്ഥാപനങ്ങളും KSRTC യും ഉൾനാടൻ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാനാണ് ഗ്രാമവണ്ടി പദ്ധതി നടപ്പാക്കുന്നത്.

✪✪✪

തിരുനെല്ലൂർ കരുണാകരൻ ജന്മശതാബ്ദി ആഘോഷങ്ങൾ നാളെ വൈകിട്ട് കൊല്ലത്ത് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യും. നാളെ മുതൽ ഒരു വർഷം നീളുന്ന വിപുലമായ ശതാബ്ദി ആഘോഷങ്ങളാണ് സംഘടിപ്പിക്കുന്നത്.

✪✪✪

'മേരി മാട്ടി മേരാ ദേശ് ' പരിപാടിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കാസർഗോഡ് മംഗൽപാടി പഞ്ചായത്തിൽ അമൃത കലശ് യാത്ര സംഘടിപ്പിച്ചു. കാസർകോട് നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ P.അഖിൽ പരിപാടി ഉദ്ഘാടനം ചെയ്തു.

✪✪✪

റേഷൻ കടയിൽ നിന്നു ലഭിക്കുന്ന പുഴുക്കലരിയിലെ വെളുത്ത തരികൾ വൈറ്റമിൻ സംയുക്തമാണെന്നും ഇത് ഭക്ഷ്യയോഗ്യമാണെന്നും സംസ്ഥാന ഭക്ഷ്യ കമ്മീഷണർ സബിതാബീഗം അറിയിച്ചു. അരിയുടെ അതേ ആകൃതിയിലാണ് ഇവ അരിയിൽ ചേർത്തിരിക്കുന്നത്. തെറ്റിദ്ധാരണ മൂലം പലരും ഇത് ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അവർ കൊല്ലം കുളത്തൂപ്പുഴ ചെറുകര ആദിവാസി കോളനിയിൽ പറഞ്ഞു.

✪✪✪